(ഡി) പുതിയ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കുമ്പോൾ ഫോറസ്ട്രി/ ഫോറസ്റ്റ് നഴ്സറി മാനേജ്മെന്റ് കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

കെ. ജി.ടി. ഇ. (ടൈപ്പ് റൈറ്റിംഗ്) പരീക്ഷാഫല പ്രസിദ്ധീകരണം

156 [776] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് 2004 ജനുവരിയിൽ നടത്തിയ കെ.ജി.ടി.ഇ. (ടൈപ്പ് റൈറ്റിംഗ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(സി) പരീക്ഷാഫലം എന്ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 26-6-2004-ൽ പ്രസിദ്ധീകരിച്ചു.

(ബി) കെ.ജി.ടി.ഇ. (ടൈപ്പ് റൈറ്റിംഗ്) പരീക്ഷാ ഫലപ്രസിദ്ധീകരണത്തിനു വേണ്ടി സർക്കാർ താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരീക്ഷാ കേന്ദ്രത്തിൽ നിന്നും ഉത്തരക്കടലാസുകൾ അതാത് ചീഫ് സൂപ്രണ്ടുമാർ നേരിട്ട് പരീക്ഷാഭവനിലേക്ക് അയച്ചുകൊടുക്കുന്നു. പരീക്ഷാഭവനിൽ നിന്നും ഉത്തരക്കടലാസുകൾ ചീഫ് എക്സാമിനർമാർക്ക് വിതരണം ചെയ്യുന്നു. ഓരോ ചീഫ് എക്സാമിനറുടേയും കീഴിൽ ഉത്തരക്കടലാസുകളുടെ എണ്ണം അനുസരിച്ച് അസിസ്റ്റന്റ് എക്സാമിനർമാരെ നിയമിക്കുന്നു. സാധാരണ ഗതിയിൽ ഒരു എക്സാമിനർക്ക് ഏകദേശം 150 പേപ്പർ പരിശോധിക്കാൻ നൽകാറുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന 10 വർഷത്തിൽ കുറയാത്ത സർവ്വീസുള്ള ടൈപ്പിസ്റ്റുമാർ/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ എന്നിവരെയാണ് എക്സാമിനർമാരായി നിയമിക്കാറുള്ളത്. ഇതിൽ സീനിയറായ ഉദ്യോഗസ്ഥരെ ചീഫ് എക്സാമിനർമാരായി നിയമിക്കുന്നു.

(സി) (എ)-യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ലൈബ്രറി കൗൺസിലിന്റെ കീഴിൽ ഉള്ള അഫിലിയേറ്റഡ് ഗ്രന്ഥശാലകൾ

157 [777] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ലൈബ്രറി കൗൺസിലിന്റെ കീഴിൽ എത്ര അഫിലിയേറ്റഡ് ഗ്രന്ഥശാലകളുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇക്കഴിഞ്ഞ 3 വർഷത്തിനുള്ളിൽ എത്ര ഗ്രന്ഥശാലകൾക്ക് അംഗത്വം നൽകി എന്നറിയിക്കാമോ;

(സി) ലൈബ്രറി കൗൺസിലിന് സെസ്സ്/ഗ്രാന്റ് ഇനങ്ങളിൽ പ്രതിവർഷം എത്ര തുക ലഭിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ലൈബ്രറി കൗൺസിലിന്റെ സംസ്ഥാന ഭരണ സമിതിയിൽ എത്ര അംഗങ്ങളുണ്ട്;

(ഇ) എല്ലാ ഭരണ സമിതി അംഗങ്ങൾക്കും തുല്യ അധികാരങ്ങളും അവകാശങ്ങളും ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദീകരിക്കുമോ;

(എഫ്) ഗ്രന്ഥശാലാ കൗൺസിലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളും സംഘടനകളും നൽകിയിട്ടുള്ള അഭിപ്രായങ്ങളും ആക്ഷേപങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിൽ 6502 അഫിലിയേറ്റഡ് ഗ്രന്ഥശാലകൾ ഉണ്ട്.

(ബി) 354 ഗ്രന്ഥശാലകൾക്ക് അംഗത്വം നൽകി.

(സി) ലൈബ്രറി സെസ്സ് ഇനത്തിൽ പ്രതി വർഷം 3 കോടി രൂപയും സർക്കാർ ഗ്രാന്റിനത്തിൽ 6 കോടി രൂപയും ലഭിക്കുന്നുണ്ട്.

(ഡി) സംസ്ഥാന ഭരണ സമിതിയിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ തെരഞ്ഞെടുക്കപ്പെടുന്ന 63 അംഗങ്ങളും സർക്കാർ നാമനിർദ്ദേശം നൽകുന്ന 5 അംഗങ്ങളും ഉണ്ട്.

(ഇ) 1989-ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാല സംഘം) ആക്ടും 1991-ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാല സംഘം) റൂൾസും അനുസരിച്ച് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേയും കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയും അംഗങ്ങൾക്ക് തുല്യ അവകാശങ്ങളല്ല ഉള്ളത്. പ്രസ്തുത ആക്ടിലെ സെക്ഷൻ 3 സബ്സെക്ഷൻ (5) പ്രകാരം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ എല്ലാ ഭാരവാഹികളെയും തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം 25 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 15 അംഗങ്ങൾക്കു മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളത്. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്കും ഉദ്യോഗസ്ഥ അംഗങ്ങൾക്കും ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ അവകാശം ഇല്ല. എന്നാൽ പ്രസ്തുത റൂൾസിലെ 86 (2) പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്കും ഉദ്യോഗസ്ഥ അംഗങ്ങൾക്കും പ്രസ്തുത വോട്ടവകാശം ഒഴികെ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുള്ള എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉണ്ട്.

(എഫ്) ഉണ്ട്.

ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സിൻഡിക്കേറ്റിലുണ്ടായ ഒഴിവുകൾ

158 [778] ശ്രീ. എ. കെ. മണി:

,, എം. പി. ഗംഗാധരൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, എൻ. ഡി. അപ്പച്ചൻ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റിന്റെ ഘടനയിൽ മാറ്റം വരുത്തണമെന്ന് യു. ജി. സി. ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത്; ഇതിൻമേൽ നടപടിയെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വകലാശാല സിൻഡിക്കേറ്റിലുണ്ടായ ഒഴിവുകൾ 2004 മേയിലോ അതിനുശേഷമോ നികത്തുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടിക്രമം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതനുസരിച്ച് സർവ്വകലാശാല സിൻഡിക്കേറ്റിലുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശമടങ്ങിയ ഫയൽ ഗവൺമെന്റ് വഴിയാണോ ചാൻസലർക്കു സമർപ്പിക്കേണ്ടത് എന്ന് അറിയിക്കാമോ;

(ഇ) 2004 മേയിൽ പ്രസ്തുത സർവ്വകലാശാല സിൻഡിക്കേറ്റിലെ ഒഴിവുകൾ നികത്തുന്നതിന് ചാൻസലർക്കയച്ച ഫയൽ ഗവൺമെന്റ് മുഖേനയാണോ സമർപ്പിച്ചിട്ടുള്ളത് എന്നും അല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കുമോ;

(എഫ്) പ്രസ്തുത നിയമനം സംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ അത് ഗസറ്റിൽ പ്രസിദ്ധീകരിച്ചുവോ;

(എച്ച്) അത് ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാരാണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly